# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2225

08/07/2015-ൽ മറുപടിക്ക്

## വയനാട് ജില്ലയിൽ കരങ്ങുപനി

ചോദ്യം

ശ്രീ. ഇ.പി.ജയരാജൻ
ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ
ശ്രീ. കെ.കെ.നാരായണൻ
ശ്രീ.പി.ടി.എ. റഹീം

മറുപടി

ശ്രീ. വി.എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

എ) വയനാട് ജില്ലയിൽ പടർന്ന് പിടിക്കുന്ന കരങ്ങുപനി നിയന്ത്രിക്കുന്നതിൽ വിജയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

എ) വിജയിച്ചിട്ടുണ്ട്.

ബി) രോഗനിർണ്ണയത്തിനും ചികിത്സയ്ക്കും ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ അറിയിക്കുമോ;

സി) രോഗവ്യാപനം തടയുന്നതിനും രോഗപ്രതിരോധത്തിനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് അറിയിക്കാമോ?

ബി) & സി) എല്ലാ സർക്കാർ ആശുപത്രികളിലും, DM, WIMS ഹോസ്പിറ്റലിലും ചികിൽസയ്ക്ക് വേണ്ട സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, രോഗ നിർണ്ണയത്തിനുവേണ്ടി, സംശയിക്കപ്പെടുന്നവരുടെ ബ്ലഡ് സാമ്പിളുകൾ MCVR മണിപ്പാൽ ലാബിലേക്ക് അയച്ച് റിസൾട്ട് ലഭ്യമാക്കുന്നുണ്ട്. കൂടാതെ കരങ്ങുപനി നിയന്ത്രണ വിധേയമാക്കുന്നതിന് ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

- വിവിധ വകുപ്പുകളുടെ സംയോജിത യോഗം ചേർന്നു.
- കുരങ്ങുകളുടെ മരണം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തി വരുന്നു.
- വീടുകൾ കയറിയുള്ള പനിയുടെ കണക്കെടുപ്പ്,സ്പെഷ്യൽ മെഡിക്കൽ ക്യാമ്പ്, ഡിപ്ലോയ്മെന്റ് ഓഫ് സ്റ്റാഫ്

എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

- സുൽത്താൻ ബത്തേരി താലൂക്ക് ആശുപത്രി, ജില്ലാ ആശുപത്രി, മാനന്തവാടി എന്നിവിടങ്ങളിൽ പ്രത്യേക സജ്ജീകരണങ്ങൾ ഏർപ്പെടുത്തി.
- ചികിൽസാ മാർഗ്ഗ രേഖ എല്ലാ സ്ഥാപനങ്ങളിലും എത്തിച്ചിട്ടുണ്ട്.
- പ്രതിരോധ കുത്തിവെയ്പ്പ് നടത്തി വരുന്നു.
- Malathion dusting, മാലത്തിയോൺ പൗഡർ എന്നിവ കുരങ്ങുകൾ ചത്ത സ്ഥലത്തും, ചെള്ളുകളെ കാണുന്നിടത്തും വിതറുന്നുണ്ട്.
- നിയന്ത്രണത്തോടെയുള്ള കാട്ടു കത്തിക്കൽ, വ്യക്തി സുരക്ഷക്കു വേണ്ടിയുള്ള സാധനങ്ങളുടെ വിതരണം എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

➢ കാട്ടിൽ പോകുന്നവർ ചെള്ള് നിർമ്മാർജ്ജനലേപനങ്ങൾ

പുരട്ടണമെന്നും, ശരീരം മറയ്ക്കുന്ന രീതിയിൽ വസ്ത്ര ധാരണം ചെയ്യണമെന്നും, ഗം ബൂട്ട്, ഗ്ലൗസുകൾ, ഗൗൺ, ഏപ്രൺ തുടങ്ങിയവ ഉപയോഗിക്കണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

കൂടാതെ ഐ.ഇ. സി. (രോഗ പ്രതിരോധ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധ വൽക്കരണം.),നോട്ടീസ് വിതരണം, ബോർഡുകൾ, പോസ്റ്റർ, ഡോക്യുമെന്ററി ഫിലിം

പ്രദർശനം, ആരോഗ്യബോധ വൽക്കരണ ക്ലാസ്സുകൾ, എന്നീ പ്രവർത്തനങ്ങളും നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ